# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2715 06/11/2019 ൽ മറുപടിയ്ക്ക്

### കാർബൺ ആഗിരണശേഷി കൂടിയ മരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാണ്ടി | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| | കാലാവസ്ഥാ വ്യതിയാനത്തെ സാവധാനത്തിലാക്കുന്ന കാർബൺ ആഗിരണശേഷി കൂടിയ മരങ്ങൾ നട്ടുവളർത്തി വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | | കാർബൺ ആഗിരണശേഷി വർദ്ധിപ്പിക്കുന്നതിന് കൂടുതൽ വനവൽക്കരണത്തിനായി ഹരിതകേരളം, എന്റെ കേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, Institutional Plantations, കണ്ടൽ വനവൽക്കരണം തുടങ്ങിയവ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. എല്ലാ മരങ്ങളും കാർബൺ ആഗിരണശേഷി ഉള്ളവയാണ്. കണ്ടൽ വനങ്ങൾ അല്ലാതെ സംസ്ഥാനത്ത് കാർബൺ ആഗിരണശേഷി കൂടിയ മരങ്ങൾ എന്നൊരു വിഭാഗം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ തടി ഉൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോൽസാഹനം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. മേൽ പദ്ധതികൾ എല്ലാം തന്നെ ജൈവവൈവിധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ് ജലസംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക, എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ